കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് ഓഡിറ്റ്

## റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം15/3213/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.28-01-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പെരുമണ്ണക്ലാരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാപഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac

നം. കെ.എസ്.എ.എം.പി.എം15/3213/2016

തിയ്യതി:28-01-2017

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-7-2016 മുതൽ 5-11-2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : എ.എസ്.ഷാജഹാൻ;ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 7-11-2016 മുതൽ 18-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് അലി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി. | സീനിയർ ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ. കുഞ്ഞഹമ്മദ് എന്ന ബാവ | 1-4-2015 മുതൽ<br>31-10-2015 വരെ |
| സെക്രട്ടറി, അഗ്രി. ഓഫീസർ,ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15മുതൽ<br>18.11.15വരെ |
| ശ്രീമതി. പൊതുവത്ത് ഫാതിമ | 19-11-2015 മുതൽ<br>31-3-2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.രാജീവൻ.കെ.സി. | 1-4-2015 മുതൽ 1-8-2015 വരെ |
| ശ്രീ. ഗോപാലകൃഷ്ണൻ നാഗേരി | 2.8.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | മഞ്ജു. ജി. | 1-4-2015മുതൽ<br>31-3-2016വരെ |
| 2 | ഹെഡ്മാസ്റ്റർ | 1.മോഹൻദാസ്.സി.<br>2.രഞ്ജിനി പി. | 1-4-2015മുതൽ<br>11-12-15വരെഎഫ്.എൻ.<br>11-12-15എ.എൻ.മുതൽ<br>31-3-2016വരെ |
| 3 | കൃഷി ഓഫീസർ | 1. പ്രീത .എം.ഡി.<br>2.ശരണ്യ പി. | 1-4-2015മുതൽ 21-12-15വരെ<br>22-12-15മുതൽ<br>31-3-2016വരെ |
| 4 | മെഡിക്കൽഓഫീസർ, (ആയുർവ്വേദം). | ഡോ. ഗോപ കുമാർ .കെ.കെ. | 1-4-2015മുതൽ<br>31-3-2016വരെ |
| 5 | മെഡിക്കൽഓഫീസർ, (അലോപ്പതി) | 1.ഡോ.വാസുദേവൻ.<br>2ഡോ.നഷ്റ<br>3.ഷീജ എം.കെ | 1-4-2015മുതൽ<br>25-5-2015എഫ്.എൻ.വരെ<br>25-5-2015എ.എൻ.മുതൽ<br>8-6-2015 എഫ്.എൻ.വരെ<br>8-6-2015എ.എൻ.മുതൽ<br>31-3-2016വരെ |

| | | | |
|---|---|---|---|
| 6. | വി.ഇ.ഒ. | 1.രതീഷ് കുമാർ. ടി.<br><br>2.അനിൽ കുമാർ<br><br>3.സുഭാഷ് സി. | 1-4-2015മുതൽ 3-9-2015 വരെ<br><br>4-9-15 മുതൽ 24-9-15 വരെ<br><br>25-11-15മുതൽ 31-3-2016 വരെ |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജമീല കെ. എം. | 1-4-2015 മുതൽ 3-2-2016 വരെ |
| | | 2.രജിത ടി. | 4-2-2016 മുതൽ 31-3-16 വരെ |
| 8. | വെറ്ററിനറി സർജൻ | .ഡോ.സക്കീർ ഹുസൈൻ. കെഎം. | 1-4-2015മുതൽ 31-3-2016വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-1 | |
| 13 | അനധികൃത നിർമാണം:നിയമാനുസൃതമായ നികുതി ഈടാക്കുന്നില്ല | 2-2 | |
| 14 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല | 2-3 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | എസ്.എസ്.എൽ.സി. എ ലെവൽ തുല്യതാ പരീക്ഷ:45000 രൂപ തടസം ചെയ്യുന്നു | 3-1 | |
| 18 | കലാകായിക പരിശീലനം:50000 രൂപ തടസം ചെയ്യുന്നു | 3-2 | |
| 19 | ലാപ് ടോപ് വിതരണത്തിലെ അപാകത:25000 രൂപ തടസം ചെയ്യുന്നു | 3-3 | |
| 20 | പഞ്ചായത്ത് വിഭജനം - ലഭിക്കാനുള്ള തുക മുഴുവൻ ലഭിച്ചില്ല | 3-4 | |
| 21 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-5 | |
| 22 | സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകത – വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 3-6 | |
| 23 | മരുന്നുകൾ യഥാസമയം | 3-7 | |

| | | | |
|---|---|---|---|
| | ലഭ്യമാകുന്നില്ല | | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 21-03-2015 ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 8-3-16 ലെ 2ആം നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 22-7-2016 | --- | - |

-

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10-11-2016 | കെ.എസ്.എ-എം.പി.എം15/3213/16 തീയതി 28-01-2017 |

ബാലൻസ് ഷീറ്റ്, വരവ് ചെലവ് പത്രിക, ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വാർഷികക്കണക്കിലെ അപാകതകൾ

പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷികക്കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) ആസ്തി രജിസ്റ്റർ 'സചിത്ര' യിൽ തയ്യാറാക്കിയെങ്കിലും വെബ്ബിലേക്ക് പോർട്ട് ചെയ്യൽ നടപടി പൂർത്തിയായിട്ടില്ല.

2) വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും കുടിശിക ഡിമാന്റ് രജിസ്റ്ററും കാലികമാക്കിയിട്ടില്ല.

3) വസ്തുനികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല. വസ്തുനികുതി കുടിശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27522154 |
| വരവ് | 57965072 |

| | |
|---|---|
| ആകെ | 85487226 |
| ചെലവ് | 62306576 |
| നീക്കിയിരുപ്പ് | 23180650 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവു ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2770494 | 9840023 | 12610517 | 9565769 | 75.86 | 3044748 |
| വികസനഫണ്ട് എസ്.സി.പി. | 958156 | 1026000 | 1984156 | 1110500 | 55.97 | 873656 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 0 | 0 | 2000 |
| സംരക്ഷണഗ്രാന്റ് റോഡ് | 63523 | 1692000 | 1755523 | 711495 | 40.53 | 1044028 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1273359 | 2407000 | 3680359 | 2852228 | 77.50 | 828131 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1246103 | 3013558 | 4259661 | 4192855 | 98.43 | 66806 |
| പെർഫോമൻസ് ഗ്രാന്റ് | 2652561 | 405561 | 3058122 | 3051561 | 99.79 | 6561 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 47783 | 6195573 | 6243356 | 6242407 | 99.98 | 949 |
| ബി ഫണ്ട് | 0 | 17542405 | 17542405 | 17542405 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ വിവരം:

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ശതമാനം |
|---|---|---|---|---|---|---|
| 101 | 32618136 | 70 | 23957171 | 0 | 31 | 73.44 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3443120 | 2692357 | (-)750763 | (-)21.8 |
| നികുതിയേതര വരവുകൾ | 358459 | 498966 | 140507 | (+)39.2 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 19800 | 11 |
| വിധവാപെൻഷൻ | 6633320 | 647 |
| വാർദ്ധക്യകാലപെൻഷൻ | 8341500 | 1147 |
| വികലാംഗപെൻഷൻ | 2387065 | 227 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 70720 | 2 |
| വിവാഹ ധനസഹായം | 60000 | 7 |
| ആകെ | 17512405 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

7.11.16 ൽ 11 am നു സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ

8068 രൂപ കാഷ് ബാലൻസ് ഉള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവിരം രേഖപ്പെടുത്തണം. അസിസ്റ്റന്റ് എഞ്ചിനിയർ,ഹെഡ്മിസ്ട്രസ്,വെറ്റിനറി സർജൻ,ഐ.സി.ഡി.എസ്. സൂപർവൈസർ എന്നിവർ TR7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV)

സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ഹെഡ്മാസ്റ്റർ സബ്സിഡിയറി രജിസ്റ്ററും പ്രൊജക്ട് രജിസ്റ്ററും എഴുതിസൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | തീയതി | കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 08-04-2016 മുതൽ 12-04-2016വരെ | 02/2016 മുതൽ 06/2016 | 09-10-2016 |
| അക്കൗണ്ടന്റ് ജനറൽ | 21-07-2008 മുതൽ 02-08-2008 വരെ | 10/2000 മുതൽ 31-03-2008വരെ | 28-08-2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വരുമാന ഇനങ്ങളിലൊന്നായ തൊഴിൽ നികുതി വരുമാനത്തിൽ പുരോഗതി കൈവരിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിനു ലഭ്യമായ രേഖകൾ പ്രകാരം 2015-16 വർഷത്തിൽ 144 സ്ഥാപനങ്ങൾ ഡി&ഓ. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളിൽ നിന്നും മുഴുവനായും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും(ചട്ടം 26) പ്രകാരം 1000 രൂപ പിഴശിക്ഷ ഈടാക്കേണ്ടതാണ് .

ട്രഡേഴ്സ് റജിസ്റ്റർ കാലികമാക്കാനും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും അതിലെ ജീവനക്കാരിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാനും യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 അനധികൃത നിർമാണം:നിയമാനുസൃതമായ നികുതി ഈടാക്കുന്നില്ല

അനധികൃത നിർമാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 വർഷം മുതൽ 24കെട്ടിടങ്ങൾ(ഓഡിറ്റിനു സമർപ്പിച്ച പ്രൊഫോമയിൽ 2015-16 വർഷം 15കെട്ടിടങ്ങൾ അനധികൃതമാണെന്നു അറിയിച്ചെങ്കിലും ഒരെണ്ണത്തിന്റെ വിശദാംശമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.ശേഷിക്കുന്നവയുടെ വിവരം കൂടി ചേർത്തു റജിസ്റ്റർ കാലികമാക്കേണ്ടതാണ്)നിലവിലുള്ളതായി കാണുന്നു. എന്നാൽ മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ ചിലതിനു സ്റ്റോപ് മെമോ അയച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ്

ആക്ടിലെ സെക്ഷൻ 235 പ്രകാരമുള്ള തുടർനടപടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സെക്ഷൻ 235 ഡബ്ല്യൂ പ്രകാരം മേൽ അനധികൃത കെട്ടിടങ്ങളിൽ നിയമാനുസൃതമായ മാറ്റം വരുത്തുകയോ പൊളിച്ചുമാറ്റുകയോ ചെയ്യൽ, സെക്ഷൻ 235എക്സ് പ്രകാരം നിർമാണം നിർത്തി വെക്കാൻ ഉത്തരവ് പുറപ്പെടീക്കൽ, സെക്ഷൻ 235 ഇസഡ് പ്രകാരമുള്ള പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ ഒന്നും നിലവിൽ സ്വീകരിക്കുന്നില്ല. മാത്രമല്ല അത്തരം കെട്ടിടങ്ങളിൽ നിന്നും അവ നിയമാനുസൃതമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ ഈടാക്കേണ്ടതുണ്ടെങ്കിലും (1994-ലെ കേ.പ.രാ.ആക്റ്റ്,സെക്ഷൻ 235 എ.എ) റജിസ്റ്റർ പ്രകാരം സാധാരണ നികുതി മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ഇക്കാര്യങ്ങളിൽ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് എൻക്വയറി നല്കിയപ്പോൾ ആയത് ലഭ്യമാക്കുന്നതാണെന്നറിയിക്കുകയുണ്ടായി. മേൽ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിച്ചു തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എൽ.സി. എ ലെവൽ തുല്യതാ പരീക്ഷ:45000 രൂപ തടസം ചെയ്യുന്നു

പ്രൊജക്ട് നം.4/15-16 ഡി.ഡി. നം.773745 തി.23.3.2016;

ഹെഡ് മിസ്ട്രസ് നടപ്പിലാക്കിയ മേൽ പദ്ധതിയിൽ എസ്.എസ്.എൽ.സി. എ ലെവൽ തുല്യതാ പരീക്ഷക്കായി ഗുണഭോക്തൃ വിഹിതം അടക്കം 45000 രൂപ ചെലവഴിച്ചെങ്കിലും പരീക്ഷാർഥികൾ പരീക്ഷക്കു ഹാജരായോ,ഹാജരാകാത്താവരിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചോ തുടങ്ങിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനു പരിശോധിക്കാൻ ഉപയുക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ജില്ലാ സാക്ഷരതാ മിഷനു തുക കൈമാറിയതിന്റെ രേഖകളും രസീതിയും ഫയലിൽ ലഭ്യമല്ല. അന്വേഷണത്തിൽ ആയതു ലഭ്യമാക്കി ഓഡിറ്റിനെ

അറിയിക്കുന്നതാണെന്നു മറുപടി നല്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്ന വരെ ചെലവു തുക 45000 തടസത്തിൽ വെക്കുന്നു.

## 3-2 കലാകായിക പരിശീലനം:50000 രൂപ തടസം ചെയ്യുന്നു

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിദ്യാർഥികൾക്ക് കലാകായിക പരിശീലനം(പ്രൊ.നം.3/15-16;തുക:50000,ബിൽ നം.2/15-16) എന്ന പദ്ധതിയിൽ നല്കിയ പരിശീലനങ്ങളുടെ വിവരങ്ങൾ,വിദ്യാർഥികളുടെ ഹാജർ,പരിശീലകരുടെ സ്പോർട്സ് കൗൺസിൽ അംഗീകാരം,സാക്ഷ്യപത്രവിതരണം മുതലായ വിശദാംശങ്ങൾ ലഭ്യമല്ല. മാർഗരേഖയിൽ പറയാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ ചെലവു നടത്തിയതിനു വിശദീകരണം നല്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ അന്വേഷണക്കുറിപ്പിന് അവ പരിഹരിച്ചു ഓഡിറ്റിനെ അറിയിക്കാമെന്നു മറുപടി നല്കിയിട്ടുണ്ട്.പരിശീലനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 50000 രൂപ തടസം ചെയ്യുന്നു.

## 3-3 ലാപ് ടോപ് വിതരണത്തിലെ അപാകത:25000 രൂപ തടസം ചെയ്യുന്നു

ഹെഡ് മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊഫഷണൽ വിദ്യാർഥികൾക്ക് ലാപ്ടോപ് വിതരണം(പ്രൊജ.നം. 5/2015-16 തുക 25000/- ബിൽ നം.1/15-16 തി.22.3.16) എന്ന പദ്ധതിയിൽ ലാപ്ടോപ് സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകളോ,ലാപ്ടോപ് വിതരണം ചെയ്ത സമയത്ത് വിദ്യാർഥി അധ്യയനം നടത്തുന്നു എന്നതിന്റെ സാക്ഷ്യപത്രമോ, പണം നല്കിയതിന്റെ രശീതിയോ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല .ഇക്കാര്യം ചൂണ്ടിക്കാട്ടി നല്കിയ അന്വേഷണത്തിനു ആയതു ഹാജരാക്കാൻ സമയം അനുവദിക്കണമെന്നു അറിയിക്കുകയുണ്ടായി.രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക 25000 രൂപ തടസം ചെയ്യുന്നു.

## 3-4 പഞ്ചായത്ത് വിഭജനം - ലഭിക്കാനുള്ള തുക മുഴുവൻ ലഭിച്ചില്ല

പൊൻമുണ്ടം, എടരിക്കോട് എന്നീ ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് 2000 ഒക്ടോബറിൽ രൂപീകൃതമായതാണ് പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്. ആസ്തി ബാധ്യത നിർണയത്തിന്റെ ഭാഗമായി, പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിൽ നിന്ന് പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന് 6,51,997 രൂപ ലഭിക്കാനുണ്ട്. ഇതിൽ 1,51,997 രൂപ 19.12.2006 ൽ ചെക്ക് നം. 391094 മുഖേന ലഭിച്ചു. 50,000 രൂപ ചെക്ക് നം. 0982955/22.08.2008 മുഖേനയും ലഭിച്ചു.

കെട്ടിട നികുതി കുടിശികയിനത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിൽ നിന്ന് പിരിച്ചെടുത്ത് പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിന് നൽകേണ്ട 1,00,201 രൂപ കുറവുചെയ്ത് ബാക്കി തുക 3,49,799 രൂപ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന് നൽകണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 04.08.16 ന് ഡി 12- 7929/ 2002 നമ്പർ കത്തിൽ പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 1,49,799 രൂപ ചെക്ക് നം. 4548793/ 27.10.16 മുഖേന പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് നൽകുകയും ബാക്കി രണ്ടു ഗഡുക്കളായി നൽകുന്നതാണെന്നും പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് 27.10.16 ലെ എ1- 41/ 2016 നം.

കത്തിൽ അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ അഗതി കുടുംബങ്ങൾക്ക വേണ്ടിയുള്ള ആശ്രയ പദ്ധതി (ഒന്നാം ഘട്ട റീവിസിറ്റ് പ്രോജക്റ്റ്) 2013-14 ൽ തുടങ്ങി 2015-16 ൽ പൂർത്തീകരിക്കാനായിരുന്ന ലക്ഷ്യമിട്ടിരുന്നത്. 48 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. ആകെ 20,37,920 രൂപയാണ് പ്രോജക്റ്റിന് അടങ്കൽ വകയിരുത്തിയത്. 26.02.13 ലെ 2(5)ാം നം.തീരുമാനപ്രകാരം പ്രോജക്റ്റിന് ഗ്രാമ പഞ്ചായത്ത് അംഗീകാരം നൽകി.

പദ്ധതി കാലയളവ് കഴിഞ്ഞിട്ടും വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ പൂർണമായി നടപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചില്ല. അടങ്കൽ തുകയുടെ 15.30 % മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നതും നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (2016 സെപ്തംബറിലെ കണക്കനുസരിച്ച്)

താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | സേവന ഇനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | നാളിതുവരെ ചെലവാക്കിയ തുക | നാളിതുവരെ സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | ഭക്ഷണം | 48 | 241920 | 101736 | 36 |
| 2 | ചികിത്സ | 39 | 702000 | 25000 | ലഭ്യമല്ല |
| 3 | വിദ്യാഭ്യാസം | 16 | 48000 | 0 | 0 |
| 4 | വസ്ത്രം | 46 | 276000 | 0 | 0 |
| 5 | വീട് റിപ്പയർ | 18 | 360000 | 185000 | 8 |
| 6 | കുടിവെള്ളം | 16 | 160000 | 0 | 0 |
| 7 | വിവാഹ ധനസഹായം | 10 | 250000 | 0 | 0 |
| ആകെ | | | 2037920 | 311736 | |

വകയിരുത്തിയ വിവിധ ഫണ്ടുകൾ പൂർണമായി ലഭ്യമാക്കുന്നതിനും പഞ്ചായത്തിന് സാധിച്ചില്ല. വിവിധ ഫണ്ടുകൾ വകയിരുത്തിയതിന്റെയും ലഭിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു. (2016 ഒക്ടോബറിലെ കണക്കനുസരിച്ച്)

| ഫണ്ട് ഇനം | വകയിരുത്തിയത് | ലഭിച്ചത് |
|---|---|---|
| ചലഞ്ച് ഫണ്ട് | 991920 | 463650 |
| വികസന ഫണ്ട് | 770000 | 185000 |
| സ്പോൺസർഷിപ്പ് | 276000 | 0 |
| ആകെ | 2037920 | 648650 |

ആശ്രയ പദ്ധതിക്ക് കാനറ ബാങ്ക് കോഴിച്ചെന ശാഖയിലുള്ള SB അക്കൗണ്ടിൽ 09.09.16 ന് 1807699 രൂപ ബാലൻസുണ്ട്. ഈ ബാലൻസിൽ ഒന്നാം ഘട്ട പദ്ധതിക്ക് ചലഞ്ച് ഫണ്ട് ലഭിച്ചതിൽ ബാക്കിയുള്ള 1191022 രൂപയും ഉൾപ്പെടുന്നു.

സമൂഹത്തിലെ ഏറ്റവും അവശ വിഭാഗത്തിൽ പെട്ടവർക്കുവേണ്ടിയുള്ള ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഗ്രാമ പഞ്ചായത്ത് വരുത്തിയത്. നിലവിൽ ഭക്ഷണക്കിറ്റ് വിതരണം മാത്രമാണ് ഈ പദ്ധതിയിൽ നടക്കുന്നത്.

സ.ഉ (എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 ലെ അനുബന്ധം 14 ൽ ആശ്രയ പദ്ധതി എപ്രകാരമാണ് നടപ്പാക്കേണ്ടതെന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. അന്നപൂർണ പദ്ധതി, അന്ത്യോദയ അന്ന യോജന പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന് ടി സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഭക്ഷണ കിറ്റ് നൽകുകയാണ് ചെയ്തത്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ച് ആശ്രയ പ്രോജക്ട് നടപ്പാക്കേണ്ടതുമാണ്.

## 3-6 സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകത – വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ: 66/2015-16;അംഗനവാടി പോഷകാഹാരം (സബല ഉൾപ്പെടെ)

നിർവഹണോദ്യോഗസ്ഥ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങി അംഗനവാടികൾക്ക് ലഭ്യമാക്കിയ WBNP അരി, ഗോതമ്പ്, ചെറുപയർ, നിലക്കടല, അവിൽ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററുകളിലെ വ്യത്യാസം കണ്ടതിനെതുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2016 തിയതി 9.11.2016ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ മറുപടിയിൽ തിയതി മാറ്റിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെക്കുന്നതിൽ അംഗനവാടി വർക്കർമാരുടെ അജ്ഞതമൂലമാണ് ഇങ്ങനെ വരാനുണ്ടായ സാഹചര്യമെന്നും വിശദീകരിക്കുകയുണ്ടായി. ഈ വിശദികരണത്തിന്റെ അടിസ്ഥാനത്തിൽ 17.11.2016 ന് അംഗനവാടി നമ്പർ 2, 136 എന്നി അംഗനവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ വീണ്ടും പരിശോധനക്ക് വിധേയമാക്കിയതിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ അരി യഥാക്രമം 50, 100 കിലോഗ്രാം വീതം ഉൾപ്പെടെ 300, 250 വീതം WBNP അരി സ്റ്റോക്ക് വന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിതരണം ചെയ്തതിനേക്കാൾ അധിക അളവിൽ ഈ അംഗനവാടികളിൽ സ്റ്റോക്ക് വരാനുണ്ടായ സാഹചര്യം വിശദികരിക്കേണ്ടതാണ്.

## 3-7 മരുന്നുകൾ യഥാസമയം ലഭ്യമാവുന്നില്ല

പ്രൊജക്ട് നം. 31/2016 പരിരക്ഷാ പാലിയേറ്റീവ് കെയർ

അടങ്കൽ 2,50,000/-

ഡി.പി.സി COl/15-16

വൗച്ചർ നമ്പർ 262/15-16

ഇൻവോയ്സ് നമ്പർ PRF 4217/23.3.16

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ബിൽ നമ്പരുകൾ

1/15-16 35,000
9/15-16 72,550

7/15-16 55,450

5/15-16 30,000

3/15-16 44,506

2/15-16 12,494

-----------------------

2,50,000

ഇതിൽ ബിൽ നം. 7/2015-16 (വൗച്ചർ നം 262/15-16) പ്രകാരം 55450/-രൂപ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾക്കുവേണ്ടി മരുന്ന് ലഭ്യമാക്കുന്നതിന് കെ.എം.സി.എലിന് അഡ്വാൻസ് നൽകിയതാണ്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഭാവിയിൽ അഡ്വാൻസ് തുക നല്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാർ ഉടമ്പടി ചമക്കേണ്ടതാണ്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 1600000 | ജലനിധി വിഹിതം 2015-16 | 1600000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2015-16വർഷത്തിൽ വാർഷിക കണക്കുകൾ പ്രകാരം 22500/-രൂപ വരവു കാണിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറിയയിനത്തിൽ 21631 രൂപലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2008-09,09-10,10-11 | 3-12 | 21631 | ശ്രീ.ഫ്രാൻസിസ് വർഗീസ് എ.ഇ.;എൽ.എസ്.ജി.ഡി | 11505900008/ 25-11-2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57965072 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62306576 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 120000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 45000 | രഞ്ജിനി പി. ഹെഡ് മിസ്ട്രസ്സ് |
| 3-2 | 50000 | " " |
| 3-3 | 25000 | " " |
| ആകെ | 120000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.17/1337/01/3-10-2002 | 4 | |
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 | |
| 2002-03 | എൽ.എഫ്.എം.11/47/07/16-6-2008 | 10 | |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 15 | |
| 2004-05 | എൽ.എഫ്.എം.11/2213/08/20-1-2009 | 15 | |
| 2005-06 | എൽ.എഫ്.എം.18/786/10/14-09-10 /21-02-11 | 11 | |
| 2006-07 | എൽ.എഫ്.എം.18/787/10/14-9-10 /21-2-2011 | 2 | |
| 2007-08 | എൽ.എഫ്.എം.3/1250/10/8-11-2010 | 8 | |
| 2008-09 മുതൽ2010-11വരെ | എൽ.എഫ്.15/1874/12/23-8-12 /6-10-12 | 17 | |

| | | |
|---|---|---|
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.15/7/2016 Dtd. 16.02.2016 | 11 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.15/2014/2016 Dtd. 3.8.2016 | 9 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.

# I

# AUDIT CERTIFICATE

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം15/3213/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി: 28-01-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## AUDIT CERTIFICATE

No. KSA/MPM- 15/3213/2016

Kerala State Audit Department
District Office, Malappuram

Dated: 28-01-2017

Certified that I have Audited the Annual Financial Statement of Perumanna Clari Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Perumanna Clari Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MAC